സ്പിന്നിംഗ് മില്ലുകൾ

31 [5587] ശ്രീ. വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, എം. മുരളി:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പിന്നിംഗ് മില്ലുകളുണ്ട്; ഇവയിൽ ഏതെല്ലാം അടച്ചിട്ടിരിക്കുന്നു;

(ബി) ഏതെല്ലാം ലേ ഓഫ് ഭീഷണി നേരിടുന്നു;

(സി) ഈ സ്പിന്നിംഗ് മില്ലുകൾ പൂട്ടാനോ ലേ ഓഫിനെ നേരിടാനോ ഉള്ള കാരണങ്ങളെന്തെല്ലാമാണ്;

(ഡി) അടച്ചുപൂട്ടിയ സ്പിന്നിംഗ് മില്ലുകളിൽ എന്തു തുകയ്ക്കുള്ള നൂൽ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 38 ടെക്സ്റ്റയിൽ മില്ലുകളാണുള്ളത്. ഇവയിൽ മദ്രാസ് സ്പിന്നേഴ്സ് അടച്ചുപൂട്ടി. പാലക്കാട്ടെ ബാലാജി സുപ്രീം, മലപ്പുറത്തെ യൂറോസ്പിൻ തുടങ്ങിയവ അടച്ചുപൂട്ടലിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആലപ്പുഴ കേരള സ്പിന്നേഴ്സ് അടച്ചുപൂട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ലേ ഓഫിലാണ്. കൂടാതെ തൃശ്ശൂരിലെ ട്രിക്കോട്ട് മിൽ ലോക്കൗട്ടിലും ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കേരള ലക്ഷ്മി മിൽസ്, അളഗപ്പ ടെക്സ്റ്റയിൽസ്, വനജാ ടെക്സ്റ്റയിൽസ്, തിരുവേപ്പതി കോട്ടൺ മിൽസ് എന്നിവ ലേ ഓഫിലാണ്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി

32 [5588] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതികളുടെ നവീകരണത്തിനുള്ള എന്തെങ്കിലും ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly